**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 299</u>　　　　<u>27.02.2017 ൽ മറുപടിക്ക്</u>

## <u>കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റുകൾ</u>

| <u>ചോദ്യം</u><br><br>ശ്രീ.എം. രാജഗോപാലൻ | <u>ഉത്തരം</u><br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം തീർത്തുമില്ലാത്ത പ്രസ്തുത ജില്ലയിൽ ജനറൽ/ജില്ലാ ആശുപത്രികളിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | കാസർഗോഡ് ജനറൽ ആശുപത്രിയിൽ 2013 നവംബർ മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഈ മാസം അവസാന വാരത്തോടുകൂടി പ്രവർത്തനം ആരംഭിക്കും. ഡോക്ടർമാർക്കും സ്റ്റാഫിനും പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>സിവിൽ വർക്കിനായി കെ.എച്ച്.ആർ.ഡബ്ല്യു.എസ് സ്ഥലം സന്ദർശിക്കുകയും ആശുപത്രി വികസന സമിതിയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ് സ്ഥലം ആവശ്യപ്പെടുന്ന മുറക്ക് വിട്ടുകൊടുക്കുന്നതാണ്. സി.സി.യു ഒരുക്കുന്നതിനു വേണ്ട സജ്ജീകരണത്തിനു സീമെൻസ് കമ്പനിക്ക് കെ.എം.എസ്.സി.എൽ ടെൻഡർ കൊടുത്തിട്ടുണ്ട്.<br><br>സർക്കാരിന്റെ പരിഗണനയിലുള്ള സംസ്ഥാനത്തെ വിവിധ ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളായ കാർഡിയോളജി യൂണിറ്റ്, നെഫ്രോളജി യൂണിറ്റ്, ന്യൂറോളജി യൂണിറ്റ് എന്നിവ തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലിൽ കാസർഗോഡ് ജില്ലയിലെ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാടും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ